മൃഗശാലകളുടെ നവീകരണം

124(813) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ : എങ്കിൽ വ്യക്തമാക്കുമോ ;

(സി) തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) മൃഗശാലകളിലേയ്ക്ക് പുതിയ ഇനം പക്ഷികളെയും മൃഗങ്ങളെയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര മൃഗശാല അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 1997 മുതൽ തിരുവനന്തപുരം മൃഗശാലയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൃശ്ശൂരിലെ മൃഗശാല ആധുനിക രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി തൃശ്ശൂർ ജില്ലയിലെ പുത്തൂർ എന്ന സ്ഥലത്ത് 124 ഹെക്ടർ സ്ഥലം ലഭിച്ചിട്ടുണ്ട്.

(ബി) മൃഗശാലാ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സൂ അതോറിറ്റിയിൽ നിന്നും 1994 മുതൽ 2007 വരെ 301.08 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. പുത്തൂരിൽ 124 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു. സ്ഥലത്തിന്റെ കോണ്ടൂർ മാപ്പ്, ഡിജിറ്റൽ സർവ്വെ എന്നിവ പൂർത്തിയായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) ഉണ്ട്. 2010 മാർച്ചിൽ തിരുവനന്തപുരം മൃഗശാലയിൽ 21 ജോഡി വിവിധയിനം വിദേശപക്ഷികളെ വാങ്ങുകയുണ്ടായി. കൂടാതെ 18 ഇനം പക്ഷികളെ കൂടി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly